**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 554** **09-08-2023 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആർ.ബി.ഐ. മാനദണ്ഡങ്ങൾ പാലിക്കാതെ സംസ്ഥാനത്ത് സ്വകാര്യ മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യക്തികളെയും കുടുംബങ്ങളെയും കടക്കെണിയിൽ ആക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും BUDS Act, Kerala Protection of Interest of Depositors in Financial Establishment Act, Kerala Prohibition of Charging Exorbitant Interest Act 2012, Kerala Money Lenders Act എന്നീ നിയമങ്ങൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. സാമ്പത്തിക തട്ടിപ്പ് കേസുകളിൽ അകപ്പെട്ട് പോകാതിരിക്കുന്ന തിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സംസ്ഥാനത്ത് അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ചുള്ള പ്രചരണങ്ങൾ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നതും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെക്കുറിച്ച് ഓൺലൈൻ വഴിയും സാമൂഹ്യമാധ്യമ അക്കൗണ്ട് വഴിയും സുരക്ഷിത പണമിടപാടുകളെ സംബന്ധിച്ച് അവബോധവും ബോധവൽക്കരണ സന്ദേശങ്ങളും നൽകി വരുന്നു. നിക്ഷേപ സ്ഥാപനങ്ങളുടെ അനധികൃത പ്രവർത്തനങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്. സാമ്പത്തിക തട്ടിപ്പ് കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി എഡിജിപി ക്രൈം ബ്രാഞ്ചിന്റെ മേൽനോട്ടത്തിൽ ഒരു സാമ്പത്തിക കുറ്റകൃത്യ വിഭാഗം പ്രവർത്തിച്ചുവരുന്നു. |
| (ബി) | നിരവധി വ്യക്തികളെയും കുടുംബങ്ങളെയും കടക്കെണിയിൽ ആക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യക്തികളെയും കുടുംബങ്ങളെയും കടക്കെണിയിൽ ആക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും BUDS Act, Kerala Protection of Interest of |

| | | | | |
|---|---|---|---|---|
| | | | | Depositors in Financial Establishment Act, Kerala Prohibition of Charging Exorbitant Interest Act 2012, Kerala Money Lenders Act എന്നീ നിയമങ്ങൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. സാമ്പത്തിക തട്ടിപ്പ് കേസുകളിൽ അകപ്പെട്ട് പോകാതിരിക്കുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സംസ്ഥാനത്ത് അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ചുള്ള പ്രചരണങ്ങൾ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നതും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെക്കുറിച്ച് ഓൺലൈൻ വഴിയും സാമൂഹ്യമാധ്യമ അക്കൗണ്ട് വഴിയും സുരക്ഷിത പണമിടപാടുകളെ സംബന്ധിച്ച് അവബോധവും ബോധവൽക്കരണ സന്ദേശങ്ങളും നൽകി വരുന്നു. നിക്ഷേപ സ്ഥാപനങ്ങളുടെ അനധികൃത പ്രവർത്തനങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്. സാമ്പത്തിക തട്ടിപ്പ് കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി എഡിജിപി ക്രൈം ബ്രാഞ്ചിന്റെ മേൽനോട്ടത്തിൽ ഒരു സാമ്പത്തിക കുറ്റകൃത്യ വിഭാഗം പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ